# കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്

**TC 82/5422(1),** അംബുജവിലാസം റോഡ്, ജി.പി.ഒ ജംഗ്ഷൻ, പുളിമൂട്, തിരുവനന്തപുരം-695001,
ഫോൺ നമ്പർ:0471 2320312 www.keralaco-opdgfb.org, E-mail : keralacdgfb@gmail.com

നമ്പർ ജി എഫ് 1/2018 തീയതി :

....................................................

....................................................

....................................................

സർ,

വിഷയം : കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012,
കോർപ്പസ് ഫണ്ടിലേക്ക് വിഹിതം അടയ്ക്കുന്നത്
സംബന്ധിച്ച്

സൂചന : 1) 11.01.2012 ലെ G.O(P)No .03/2012/Co-op. നമ്പർ സർക്കാർ ഉത്തരവ്

2) 02.07.2012 ലെ G.O(P)No.81/2012/ Co-op. നമ്പർ സർക്കാർ ഉത്തരവ്

3) 24.10.2014 ലെ G.O(P)No 126/2014 സഹ നമ്പർ സർക്കാർ ഉത്തരവ്

4) സഹകരണസംഘം രജിസ്ട്രാറുടെ 24.10.2018ലെ ജി (1) 7994/2018 നമ്പർ ഉത്തരവ്

5) സഹകരണസംഘം രജിസ്ട്രാറുടെ 27.02.2019 ലെ 9/19-ാം നമ്പർ സർക്കുലർ

6) ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെ ലെ
നമ്പർ ഉത്തരവ്

നിലവിലുണ്ടായിരുന്ന സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2000 ന് പകരമായി, സൂചന (1) പ്രകാരം കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 നിലവിൽ വരുകയും ആയതിന്റെ നടത്തിപ്പിനായി സൂചന രണ്ടിലെ സർക്കാർ ഉത്തരവു പ്രകാരം ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി ചെയർമാനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 57(ബി) പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് സർക്കാർ പരിരക്ഷ ഉറപ്പു വരുത്തുന്നതിനും സഹകരണ രംഗത്ത് നിക്ഷേപങ്ങൾ കൂടുതൽ ആകർഷിക്കുന്നതിനും വേണ്ടിയാണ് ഈ സ്കീം നടപ്പിലാക്കുന്നത്.

ടി സ്കീമിൽ പുതുതായി സൂചന 6 പ്രകാരം അംഗമായി നോട്ടിഫൈ ചെയ്തതിൽ താങ്കളുടെ സംഘവും ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ താങ്കളുടെ സംഘം സ്കീമിൽ നിഷ്കർച്ചിട്ടുള്ള പ്രകാരം വിഹിതം അടയ്ക്കേണ്ടതും ഈ അറിയിപ്പിൽ നിഷ്കർച്ചിട്ടിട്ടുള്ള സ്റ്റേറ്റ്മെന്റുകളും അപേക്ഷയും അനുബന്ധങ്ങളും നിശ്ചിത കാലയളവിൽ തന്നെ സമർപ്പിക്കേണ്ടതുമാണ്. സ്കീമിലെ ഉത്തരവ് പ്രകാരം സ്കീം നടപ്പായ സാമ്പത്തിക വർഷം (2012-2013) ആണ്ടവസാനം നിക്ഷേപ ബാക്കി നിൽപ്പ് തുകയ്ക്ക് (എം.ഡി.എസ്, ചിട്ടി എന്നിവ ഒഴികെ) വിഹിതം അടയ്ക്കേണ്ടതാണ്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ഒരോ സാമ്പത്തിക വർഷാവസാനവും നിക്ഷേപ ബാക്കി നിൽപു തുകയ്ക്കുള്ള വിഹിതം അടയ്ക്കേണ്ടതാണ്. ബാക്കി നിൽപു തുകയിൽ ഒരോ നൂറു രൂപയ്ക്കും അതിന്റെ ഭാഗങ്ങൾക്കും 10 പൈസ ക്രമത്തിൽ വിഹിതം അടയ്ക്കണം. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 3 മാസത്തിനകം നിശ്ചിത നിരക്കിൽ വിഹിതം കണക്കാക്കി ജില്ലാ സഹകരണ ബാങ്കിൽ ബോർഡിന്റെ വൈസ് ചെയർമാൻ/സെക്രട്ടറി-ട്രഷററുടെ പേരിലുള്ള എസ്.ബി അക്കൗണ്ടിൽ തുക അടയ്ക്കേണ്ടതാണ്. അപ്രകാരം നിശ്ചിത കാലയളവിനുള്ളിൽ വിഹിതം അടയ്ക്കാതെ വരുന്ന പക്ഷം സഹകരണ സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ പക്കൽ നിന്നും 12% പലിശ ഈടാക്കുന്നതാണ്. വീഴ്ച്ച വരുത്തുന്ന കാലയളവിലെ നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി ലഭിക്കുകയുമില്ല. ടി ഫണ്ടിലേയ്ക്ക് അടയ്ക്കുന്ന തുകയുടെ ഒരു ഭാഗവും നിക്ഷേപ ഗ്യാരന്റി പ്രകാരമുള്ള ക്ലെയിം തീർപ്പാക്കുമ്പോഴല്ലാതെ യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല. ആയതിനാൽ വിഹിതം കണക്കാക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്. സൂചന ഉത്തരവുകളിലെ നിർദേശാനുസരണവും ഈ കത്തിലെ മാർഗ്ഗ നിർദ്ദേശ പ്രകാരവും തുക കണക്കാക്കി..................................ജില്ലാ സഹകരണ ബാങ്കിന്റെ മെയിൻ ശാഖയിൽ ബോർഡിന്റെ വൈസ് ചെയർമാൻ, സെക്രട്ടറി-ട്രഷറർ എന്നിവരുടെ പേരിലുള്ള ........................................................................................ നമ്പർ എസ് ബി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ചെലാന്റെ ബോർഡിനുള്ള പകർപ്പ് ,അപേക്ഷയും മറ്റു അനുബന്ധ രേഖകളോടൊപ്പം രജിസ്റ്റേർഡ് ആയി കൈപ്പറ്റ് ചീട്ട് സഹിതം അയച്ചു തരേണ്ടതുമാണ്. അയച്ചു തരുന്ന അപേക്ഷ ഭരണസമിതി സർട്ടിഫൈ ചെയ്ത് സംഘം ആഡിറ്റർ മേലൊപ്പ് വെച്ചിരിക്കേണ്ടതാണ്.തുടർന്നുള്ള വർഷങ്ങളിൽ സാമ്പത്തിക വർഷം അവസാനിച്ച് മൂന്ന് മാസങ്ങൾക്കകം വിഹിതം അടച്ച് ചെലാൻ സഹിതം ടി സ്റ്റേറ്റ്മെന്റുകൾ അയച്ചു തരാത്ത പക്ഷം 12% നിരക്കിൽ വാർഷിക പലിശ കണക്കാക്കി ചീഫ് എക്സിക്യൂട്ടീവിൽ നിന്നും പിഴ ഈടാക്കുന്നതാണ്. സൂചനയിലെ ഉത്തരവുകൾ www.keralaco-opdgfb.org എന്ന വൈബ്സൈറ്റിൽ ലഭ്യമാണ്.

ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്